തുക ഗുണഭോക്താക്കളുടെ കൈയ്യിൽ നേരിട്ട് ലഭ്യമാകുന്നു. ഗർഭാവസ്ഥയിലുള്ളവർക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങളെ പ്രസവിച്ച് സംരക്ഷിക്കുന്നതിന് സാധ്യമാകുന്നു. ഗുണഭോക്താക്കൾക്ക് ആവശ്യമായ പോഷകാഹാരം അവരുടെ ഇഷ്ടാനുസരണം വാങ്ങി ഭക്ഷിക്കുന്നതിനാണ് ടി തുക ഉപയോഗിക്കുന്നത്.

(ഡി) 'ജനനീ ജന്മരക്ഷ' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്/ആശാ വർക്കർ എന്നിവരുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യുന്നു. ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ പേര് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസർമാർ മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് നൽകുന്നു. ടി പട്ടികയിലുള്ളവർക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ ഇന്ത്യൻ പോസ്റ്റൽ സർവ്വീസ് മുഖാന്തിരം മണിയോർഡറായി നേരിട്ട് വിതരണം ചെയ്ത് വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഏറെ പ്രയോജനപ്രദവും സ്വാഗതാർഹവുമായ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായും കുറ്റമറ്റരീതിയിലും നടപ്പിലാക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

ലൈംഗികമായി പീഡിപ്പിക്കപ്പെട്ട ആദിവാസി സ്ത്രീകൾ

329 (679) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസി സ്ത്രീകളും പ്രായപൂർത്തിയാകാത്ത ആദിവാസി പെൺകുട്ടികളും ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇത്തരം സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാരീരികവും മാനസികവുമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും പുനരധിവാസ സഹായം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്, വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 184 ആദിവാസി സ്ത്രീകളും 79 ആദിവാസി പെൺകുട്ടികളും ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പീഡനത്തിനിരയാകുന്ന ആദിവാസി സ്ത്രീകളുടേയും പെൺകുട്ടികളുടേയും ശാരീരികവും മാനസികവുമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കൗൺസിലിംഗ് ക്ലാസ്സുകളും, ചികിത്സാ സഹായങ്ങളും ആശ്വാസ ധനസഹായങ്ങളും നൽകി വരുന്നു. കൂടാതെ കുറ്റവാളികൾക്കെതിരെ 1989-ലെ പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

(അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് ലൈംഗിക അതിക്രമം ഉൾപ്പെടെയുള്ള കേസ്സുകൾ പരിശോധിച്ച് തീരുമാനമെടുക്കുകയും അതിക്രമത്തി നിരയായവർക്ക് പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി നഷ്ടപരിഹാരം നൽകി വരികയും ചെയ്യുന്നുണ്ട്.

പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

330 (680) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ ഇടനിലക്കാർ കൈക്കലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ

331 (681) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly